

WEDNESDAY 03.07.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : ASA S KUMAR    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/07/2024

1. കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന ഞാറ്റുവേല ചന്തയുടെയും കർഷക സഭകളുടെയും സമാപന സമ്മേളനത്തോടനുബന്ധിച്ച് കാർഷിക പ്രദർശന വിപണന മേള തിരുവനന്തപുരം പൂജപ്പുര സരസ്വതി മണ്ഡപത്തിൽ നടക്കുന്നു. മേളയുടെ 3-ാം ദിനമായ ഇന്ന് (ജൂലൈ 3) രാവിലെ 10:30 മുതൽ 1 മണിവരെ പഴം പച്ചക്കറികളിലെ അവശിഷ്ട വിഷയവും ഭക്ഷ്യ സുരക്ഷയും എന്ന വിഷയത്തിൽ ഡോ.തോമസ് ബിജു മാത്യു (റിട്ട. കാർഷിക സർവകലാശാല പ്രൊഫസർ) ക്ലാസുകൾ നയിക്കുന്നതാണ്. ഞാറ്റുവേല ചന്തയുടെയും കർഷക സഭകളുടെയും സമാപന സമ്മേളനം ജൂലൈ 4 വൈകുന്നേരം 5 മണിക്ക് വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ, മേയർ ആര്യ രാജേന്ദ്രൻ, എം.പി. ഡോ. ശശിതരൂർ, ഡെപ്യൂട്ടി മേയർ പി.കെ. രാജു, വാർഡ് കൗൺസിലർ വി.വി. രാജേഷ് എന്നിവർ പങ്കെടുക്കുന്നു.

2. കൃഷി വകുപ്പിൻറെ കീഴിൽ, കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോ ടെക്നോളജി ആൻറ് മോഡൽ ഫ്ലോറികൾച്ചർ സെൻറർ (BMFC) വിവിധ ഇനങ്ങളിൽപ്പെട്ട ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴതൈകൾ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നു. നിലവിൽ നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യൂകൾച്ചർ വാഴതൈകൾ വില്പ്പനക്ക് ലഭ്യമാണ്. വാഴ ഒന്നിന് 20 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് കർഷകർ 0471 - 2413739 എന്ന ഫോൺ നമ്പറിലോ bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലായി JCB ഉപയോഗിച്ച് നിലം ഒരുക്കി തീറ്റപ്പുല്ല് നടുന്നതിന് വാടക സംബന്ധിച്ച് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട്, ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം., എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതും ക്വട്ടേൻ കവറിനു പുറത്ത് JCB വാടക സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 09/07/2024-തീയതി രാവിലെ 11 മണിവരെയാണ് നിശ്ചിത പരിധിക്കുള്ളിൽ ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആളിന്റെ പേരിൽ ക്വട്ടേഷൻ താല്ക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസിൽ നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

4. കെ എൽ ഡി ബോർഡ്, ധോണി ഫാം പാലക്കാടിൽ നിന്ന് ക്ഷീര കർഷകർക്ക് മിതമായ നിരക്കിൽ വിവിധയിനം തീറ്റപ്പുൽ വിത്തുകളും (ഗിനിപ്പുല്ല്, സിഗ്നൽപ്പുല്ല്, മക്കചോളം, സുബാബൂൾ മുതലായവയുടെ) പുൽത്തണ്ടുകളും (co -3, co -4, co -5, റെഡ് നേപ്പിയർ, സൂപ്പർ നേപ്പിയർ, ഡ്വാർഫ് നേപ്പിയർ എന്നിവയുടെ) കോംഗോ സിഗ്നൽ, സിഗ്നൽ, ഹ്യൂമിഡികോള, ഗിനിപ്പുല്ല് എന്നിവയുടെ തൈകളും വിൽക്കപെടുന്നുണ്ട്. വിത്തുകളും തണ്ടുകളും നേരിട്ടും പാർസൽ മുഖേനയും നല്കുന്നതാണ്. കൂടുതൽ

വിവരങ്ങൾക്ക് 9446004285, 9048702812, 6282824544, 9446150097 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. പാലക്കാട് ജില്ലയിലെ ആലത്തൂർ വാനൂരിലെ സർക്കാർ ക്ഷീര പരിശീലന കേന്ദ്രത്തിൽ പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ക്ഷീര കർഷകർ, കുടുംബശ്രീ അംഗങ്ങൾ എന്നിവർക്കായി പരിശീലനം സംഘടിപ്പിക്കുന്നു. ജൂലൈ 8 മുതൽ 12 വരെ ക്ഷീര കർഷകർക്കായി ശാസ്ത്രീയ പശു പരിപാലനം, ജൂലൈ 17 മുതൽ 27 വരെ ക്ഷീര കർഷകർക്കും കുടുംബശ്രീ അംഗങ്ങൾക്കുമായി ക്ഷീരോൽപ്പന്ന നിർമ്മാണം എന്നിവയിലാണ് പരിശീലനം. ശാസ്ത്രീയ പശു പരിപാലനത്തിന്റെ പരിശീലനത്തിൽ പങ്കെടുക്കുന്ന ക്ഷീര കർഷകർ ജൂലൈ 5 നകം രജിസ്ട്രേഷൻ നടത്തണം. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനത്തിൽ പങ്കെടുക്കുന്ന ക്ഷീര കർഷകരും കുടുംബശ്രീ അംഗങ്ങളും ജൂലൈ 12 നകം രജിസ്ട്രേഷൻ നടത്തണം. രജിസ്ട്രേഷൻ ഫീസ് 135 രൂപ. പരിശീലനാർത്ഥികൾ ആധാർ/ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം പരിശീലനത്തിൽ പങ്കെടുക്കണം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അവസാന തീയതിക്ക് dd-dtc-pkd.dairy@kerala gov.in, dicalathur@gmail.com എന്നീ ഇ-മെയിൽ വിലാസങ്ങളിൽ മെയിൽ അയക്കുകയോ, 04922 226040, 9446972314, 9496839675 എന്നീ ഫോൺ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം.

6. ആലപ്പുഴ ജില്ലയിൽ ക്ഷീരവികസന വകുപ്പ് മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അതിദരിദ്ര വിഭാഗങ്ങൾക്ക് പശു ഡയറി യൂണിറ്റ് അനുവദിക്കുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ പ്രസിദ്ധീകരിച്ച അതിദരിദ്ര വിഭാഗം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അപേക്ഷക്കാം. രജിസ്ട്രേഷൻ ഫീസ് ഇല്ല. കൂടുതൽ വിവരങ്ങൾ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ലഭിക്കും.

7. റബ്ബർ ടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡ് 2011 - 12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം 2024 ജൂലൈ 12 നു മുമ്പായി അതത് പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണ്. പോളിസി പുതുക്കുന്നതുമായി ബന്ധപ്പെട്ട കത്ത് എല്ലാ അംഗങ്ങൾക്കും റബ്ബർബോർഡിൽ നിന്നും അയച്ചിട്ടുണ്ട്. കത്ത് ലഭിക്കാത്തവർ ഇത് ഒരറിയിപ്പായി കണക്കാക്കി റബ്ബർബോർഡ് റീജിയണൽ ഓഫീസുമായി ബന്ധപ്പെട്ട് പണം അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ക്ക് ഫോൺ നമ്പർ- 0481 2301231

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം